**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4605** **13-03-2023 - ൽ മറുപടിയ്ക്ക്**

**മിശ്രവിവാഹിതർക്കുള്ള വിവാഹ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിവാഹ ധനസഹായമായി നൽകുന്ന തുക വർദ്ധിപ്പിച്ചത് എത്രയെന്ന് അറിയിക്കുമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള വിവാഹ ധനസഹായ തുക 75,000/-രൂപയിൽ നിന്നും 1,25,000/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര മിശ്ര വിവാഹിതർ ആനുകൂല്യത്തിനായി അപേക്ഷ നൽകിയെന്നും അപേക്ഷകർക്കായി എത്ര തുക വീതം നൽകിയെന്നും വെളിപ്പെടുത്തുമോ; | (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം 6086 അപേക്ഷകളാണ് മിശ്രവിവാഹ ആനുകൂല്യത്തിനായി ലഭിച്ചിട്ടുള്ളത്. ആയതിൽ 2238 അപേക്ഷകർക്കായി 75,000/-രൂപ നിരക്കിൽ 16,78,50,000/-രൂപ (പതിനാറ് കോടി എഴുപത്തിയെട്ട് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് മിശ്രവിവാഹിതർക്കുള്ള വിവാഹ ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മിശ്രവിവാഹിതർക്കുള്ള വിവാഹ ധനസഹായം വർദ്ധിപ്പിച്ചിട്ടില്ല. |
| (ഡി) | മിശ്രവിവാഹിതർക്കുള്ള വിവാഹ ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ; ആയതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; | (ഡി) | മിശ്രവിവാഹിതരായ ദമ്പതിമാർക്ക് (ഒരാൾ പട്ടികജാതിയും പങ്കാളി പട്ടിക ഇതര സമുദായത്തിൽപ്പെട്ടതുമായിരിക്കണം) വിവാഹത്തെ തുടർന്ന് ഉണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി 75,000/-രൂപ വരെ ധനസഹായമായി നൽകുന്നു. വിവാഹ ശേഷം ഒരു വർഷം കഴിഞ്ഞ് മൂന്ന് വർഷത്തിനകം അപേക്ഷിക്കണം. ഭാര്യഭർത്താക്കന്മാരുടെ ജാതി സർട്ടിഫിക്കറ്റുകൾ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തിയുടെ പേരിലുള്ള വരുമാന സർട്ടിഫിക്കറ്റ്, സഹവാസ സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം. വിവാഹ ധനസഹായം |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നതിനുള്ള പ്രതിവർഷ വരുമാന പരിധി 1,00,000/-രൂപ (ഒരു ലക്ഷം) യാണ്. |
| (ഇ) | 2020 വർഷം കൊല്ലം ജില്ലയിൽ എത്ര മിശ്രവിവാഹ അപേക്ഷകൾ ലഭിച്ചുവെന്നും അവയിൽ എത്രയെണ്ണത്തിന് ധനസഹായം നൽകിയെന്നും അറിയിക്കാമോ; ഇനി എത്ര അപേക്ഷകളിന്മേൽ ധനസഹായം നൽകുവാനുണ്ട്; ബ്ലോക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ധനസഹായം ലഭിക്കാനുള്ളവർക്ക് എത്രയും വേഗം ആയത് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | 2020 വർഷം കൊല്ലം ജില്ലയിൽ ലഭിച്ച മിശ്രവിവാഹ ധനസഹായ അപേക്ഷകൾ സംബന്ധിച്ച വിശദവിവരം **അനുബന്ധമായി** ചേർക്കുന്നു.<br><br>ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് അർഹത ഉറപ്പാക്കി ആനുകൂല്യം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | ലഭിച്ച അപേക്ഷകൾ | | ധനസഹായം അനുവദിച്ചവ | അനുവദിക്കാനുള്ളത് |
|---|---|---|---|---|
| 1 | അഞ്ചൽ | 14 | 13 | 1 |
| 2 | ചവറ | 10 | 10 | – |
| 3 | ചടയമംഗലം | 12 | 12 | – |
| 4 | ചിറ്റുമല | 15 | 13 | 2 |
| 5 | കൊട്ടാരക്കര | 12 | 11 | 1 |
| 6 | കൊല്ലം കോർപ്പറേഷൻ | 29 | 23 | 6 |
| 7 | ഇത്തിക്കര | 21 | 13 | 8 |
| 8 | മുഖത്തല | 29 | 26 | 3 |
| 9 | ഓച്ചിറ | 30 | 15 | 15 |
| 10 | പത്തനാപുരം | 10 | 10 | – |
| 11 | ശാസ്താംകോട്ട | 18 | 11 | 7 |
| 12 | വെട്ടിക്കവല | 17 | 9 | 8 |
| | **ആകെ** | **217** | **166** | **51** |

**സെക്ഷൻ ഓഫീസർ**